# നീതിയുടെ ഹീലിംഗ് ടച്ച് കാത്ത്...

സ്വതന്ത്ര ഭാരതത്തിലെ ഒരു കോടതിമുറിയാണ് രംഗം. മൊബൈൽ ഫോണിൽ ആരും അറിയാതെ കോടതിയിൽ നടന്നതു റെക്കോർഡ് ചെയ്ത് ഒരാൾ പുറത്തിറങ്ങി. ഏതോ ഫ്രീലാൻസ് മാധ്യമപ്രവർത്തകനാണ്. ആ കോടതിയാകട്ടെ, അഭിഭാഷകരോടും, കക്ഷികളോടും ദേഷ്യവും, സ്ഥിരതയില്ലാത്തെ പെരുമാറ്റവും പതിവുമാക്കിയ ഒരു ജഡ്ജിയുടേതാണത്രെ. മാധ്യമപ്രവർത്തകന്റെ സ്വന്തം കേസ് അന്ന് കോടതിയിലുണ്ടായിരുന്നു. കുപ്രസിദ്ധമായ പെരുമാറ്റ രീതിയിൽ എല്ലാവരും മടുത്തുവെങ്കിലും കോടതിയും ജഡ്ജിയും മാറ്റമില്ലാതെ തുടർന്നു. ഒടുവിൽ സഹികെട്ട് മേലിധാരികളോട് പരാതിപ്പെടാനും വേണ്ടിവന്നാൽ ഒരു ബ്രേക്കിംഗ് ന്യൂസായി ഉപയോഗിക്കാനും ഉതകുന്ന തരത്തിലുള്ള ക്ളിപ്പിംഗുകൾ അയാൾക്കു കിട്ടി. അത് പ്രസിദ്ധപ്പെടുത്താൻ ഒരുമ്പെട്ടപ്പോൾ സുഹൃത്തുക്കൾ വിലക്കി. കോടതിയാണ്, രാഷ്ട്രീയക്കാരുടെ ക്ളിപ്പിംഗ് കാണിക്കുന്നതു പോലെയല്ല അതു വേണ്ട. ഇതു വരെ അത് ഒരു മാധ്യമത്തിലും വന്നിട്ടില്ലെങ്കിലും ഇന്നും അയാൾ ആ ക്ളിപ്പിംഗ് സൂക്ഷിച്ചു വച്ചിട്ടുണ്ട്. കോടതി രംഗങ്ങളും പച്ചയായി മാധ്യമങ്ങളിൽ വരുന്ന ഒരു ദിവസവും കാത്ത്. ഇതു പോലെ വ്യാഖ്യാനങ്ങളുടെ വൈവിധ്യത്താൽ, സ്ഥിരതയില്ലാത്ത നിയമനിർമ്മാണങ്ങളാൽ, ആളെണ്ണവും ഭൂരിപക്ഷ വികാരവും ഒക്കെ നോക്കി നിർമ്മിക്കപ്പെടുന്ന നിയമങ്ങളാൽ അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന ഒരു വലിയ വിഭാഗം ഇന്ന് സ്വതന്ത്ര്യ ഭാരതത്തിലുണ്ട്. മവും. അതിന് ഉത്തമ ഉദാഹരമാണ് സംവരണത്തിനു വേണ്ടി വർഷങ്ങളായി മുറവിളികൂട്ടുന്ന ദളിത് ക്രൈസ്തവർ.

## നീതിക്കു വേണ്ടി ഒരു ദിവസം

നിയമം മാത്രം ആശ്രയിച്ചിട്ടു കാര്യമില്ല. നിയമത്തിന്റെ വ്യാഖ്യാനവും കൂടി ആശ്രയിച്ചാണ് കാര്യങ്ങൾ. ഒരേ നിയമം തന്നെ വെവ്വേറെ രീതിയിൽ വ്യാഖ്യാനവും വരാം. ഭൂരിപക്ഷ ജന ഹിതമനുസരിച്ച് നിയമനിർമ്മാണങ്ങളും വരും. അതിന് എപ്പോഴും "ഒരു നീതി ടച്ച് " ഉണ്ടാകണമെന്നില്ല. പക്ഷെ ഭൂരിപക്ഷത്തെ സുഖിപ്പിക്കുന്ന "ഒരു പൊളിറ്റിക്കൽ ടച്ച് " അതിനുണ്ടാകും. വർഷങ്ങളായി ജസ്റ്റീസ് സൺഡേ ദിനത്തിൽ കേൾക്കുന്ന ദളിത്ക്രൈസ്തവരുടെ സംവരണ കാര്യം വീണ്ടും വീണ്ടും അത് നമ്മെ ഓർമ്മിപ്പിക്കും.

സാമൂഹികവും വിദ്യാഭ്യാസപരുമായി പിന്നാക്കം നിൽക്കുന്നവരാണ് എല്ലാ ദളിതരും. അവിടെ ക്രീമിലെയർ എന്നൊന്നില്ല. അവർ ക്രിസ്തു മതത്തിലേക്ക് പരിവർത്തനം ചെയ്താലും പിന്നാക്കാവസ്ഥക്കു മാറ്റമില്ല. അപ്പോൾ പിന്നെ ഭരണഘടനാപരമായി അവർക്ക് ലഭിക്കേണ്ട ഒരു അവകാശമല്ലേ സംവരണം. നിയമം പച്ചയായി വായിച്ചാൽ അതെ. പക്ഷെ അത് യാഥാർത്ഥ്യമാക്കി വ്യാഖ്യാനിച്ചെടുക്കാൻ ഇനിയും കാലം അകലെ. ഭൂമിക്ക് കീഴിലുള്ള എന്തിനും നിയമനിർമ്മാണം നടത്താൻ നിയമനിർമ്മാണ സഭകൾക്കു തടസ്സമില്ല. അത് ഭരണഘടനാ വിരുദ്ധമാകരുതെന്ന് മാത്രം. അവരും ദളിത് ക്രൈസ്തവരുടെ കാര്യത്തിൽ ഒന്നും ചെയ്തു കാണുന്നില്ല. ദളിത് വിഭാഗത്തിൽ പെട്ട ഹിന്ദുക്കൾക്കും ബുദ്ധമതക്കാർക്കും സിക്കു മതക്കാർക്കും സംവരണമുണ്ട് പക്ഷെ ക്രൈസ്തവർക്കില്ല. വിവരാവകാശ നിയമത്തിന്റെ പരിധിയിൽ രാഷ്ട്രീയ പാർട്ടികൾ വരേണ്ടതില്ലെന്ന് എല്ലാവരും ഒറ്റക്കെട്ടായി തീരുമാനിച്ചത് ഈയിടെ തന്നെയാണ്. പക്ഷെ ദളിതതരായിട്ടും ക്രൈസ്തവരായതു കൊണ്ടു മാത്രം സംവരണത്തിനു പുറത്തുപോയവർ എത്ര കാലമായി മുറവിളി കൂട്ടുന്നു അത് തിരികെ കിട്ടാൻ. ചരിത്രപരമായ ഒരു പ്രസിഡൻഷ്യൽ ഉത്തരവും പിന്നീട് സമ്മർദ്ദം ചെലുത്തി ദളിത് സിക്കുകാർക്കും, ദളിത് ബുദ്ധമതക്കാർക്കും ആ ഉത്തരവിൽ ഭേദഗതി വരുത്തി സംവരണം സാധ്യമാക്കിയതുമൊക്ക എല്ലാവർക്കും അറിവുള്ള ചരിത്ര സത്യമല്ലേ.

## ധീരമായ ഇടപെടലുകളും അന്യമല്ല

എന്തു നിയമമുണ്ടാക്കിയാലും അത് ഭരണഘടനാ വിരുദ്ധമാണെങ്കിൽ കർക്കശമായി ഇടപെട്ട കോടതികളുടെ ചരിത്രം സ്വതന്ത്ര്യ ഭാരതത്തിന് അന്യമല്ല. വഴിയരുകിൽ യോഗങ്ങൾ നടത്തി ജനത്തെ ബുദ്ധിമുട്ടിച്ചപ്പോൾ, സമരങ്ങളും ഹർത്താലുകളും നടത്തി സ്വാതന്ത്ര്യം തടസ്സപ്പെടുത്തിയപ്പോൾ, കുടിവെള്ളവും, നല്ല റോഡും നിഷേധിക്കപ്പെട്ടപ്പോൾ ഒക്കെ നീതിദേവത ഇടപെട്ട സംഭവങ്ങൾ അന്യമല്ല. ദളിത് ക്രൈസ്തവരുടെ സംവരണം സംബന്ധിച്ച കേസുകൾ സുപ്രീം കോടതിയുടെ പരിഗണനയിലാണ്. കേരള സർക്കാർ ഇക്കാര്യത്തിൽ എന്തു നിലപാട് എടുത്തുവെന്ന് അറിയില്ല. പക്ഷെ തമിഴ്നാട്ടിൽ നിന്ന് ജയലളിത ശക്തമായ ഭാഷയിൽ പ്രധാനമന്ത്രിയോട് ഇക്കാര്യം ആവശ്യപ്പെട്ടിരിക്കുന്നു. മതവിഭാഗം നോക്കി ദളിതർക്ക് സംവരണം നൽകുന്ന രീതി ഭരണഘടനാവിരുദ്ധമാണെന്നും, സുപ്രീം കോടതിയിൽ ഇക്കാര്യം കാണിച്ച് സത്യവാങ്മൂലം ഫയൽ ആക്കണമെന്നുമാണ് അവർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുന്നത്. കേരളത്തിലും കേന്ദ്രത്തിലും ഭരിക്കുന്നത് ഒരേ സർക്കാരാണെങ്കിലും ഇക്കാര്യത്തിൽ ശക്തമായ ഒരിടപെടൽ കേരളത്തിൽ നിന്നുണ്ടായിട്ടില്ല. ഇക്കാര്യം ചൂണ്ടിക്കാണിച്ച് കത്തോലിക്കാ സഭയിലെ ഒരു ബിഷപ്പ് ഭരണകകഷി നേതാക്കളോട് ഒരു അനൗദ്യോഗിക കൂടിച്ചേരലിൽ, നിങ്ങൾ എന്തു ചെയ്തു എന്നു പരസ്യമായി ചോദ്യം ചെയ്തപ്പോൾ ഉത്തരമില്ലതെ ഇളിഭ്യരായി നിൽക്കുക മാത്രമാണ് അവർ ചെയ്തത്.

## കമ്മീഷനുകൾ ശുപാർശ ചെയ്തത്

ദളിത് ക്രൈസ്തവരുടെ സംവരണക്കാര്യത്തിൽ നിരവധി കമ്മീഷനുകൾ കേന്ദ്ര സർക്കാർ നിയമിക്കുകയും അവരൊക്കെ റിപ്പോർട്ട് ഫയലാക്കുകയും ചെയ്തിട്ടുണ്ട്. 1969 ൽ ഇളയപെരുമാൾ കമ്മീഷൻ ശുപാർശ ചെയ്തത്, ഹിന്ദുമതത്തിലേക്കല്ലാതെയും പരിവർത്തനം ചെയ്ത എല്ലാ ദളിതർക്കും സംവരണാവകാശ ങ്ങൾ നൽകണമെന്നാണ്. 1975 ൽ ചിദംബരം കമ്മിറ്റി റിപ്പോർട്ട് സൂചിപ്പിച്ചത്, ദളിത് ക്രൈസ്തവർ തികച്ചും ദരിദ്രനാരായണൻമാർ തന്നെയാണെന്നാണ്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് (1980) ൽ പറഞ്ഞത് വിശ്വാസം മാറിയത് കൊണ്ട് സാമൂഹികാവസ്ഥയ്ക്കു മാറ്റം വരില്ല എന്നാണ്.

2007 ൽ രംഗനാഥ മിശ്ര കമ്മീഷൻ കുറച്ചു കൂടി പ്രായോഗികമായ നിർദ്ദേശം മുന്നോട്ടുവച്ചു. 1950 ലെ പ്രസി ഡന്റിന്റെ ഉത്തരവ് ഭേദഗതി ചെയ്യണമെന്നാണ് നിർദ്ദേശിച്ചത്. പതിറ്റാണ്ടുകളായി ദളിത് ക്രൈസ്തവർ മുന്നോ ട്ടുവയ്ക്കുന്ന സംവരണ നീതിക്ക് ഇത് ഒരു പരിഹാരം തന്നെയാണ്. 1950 ലെ ഉത്തരവിലെ ഖണ്ഡിക 3 ൽ പറഞ്ഞിരിക്കുന്ന വാചകങ്ങളാണ് സംവരണത്തിനെതിരു നിൽക്കുന്നത്. “ ഹിന്ദു മതമല്ലാതെ മറ്റ് ഏതൊരു മതവിശ്വാസിയെയും പട്ടിക ജാതി വിഭാഗമായി കണക്കാക്കാനാകില്ല” എന്ന ഭാഗം ഭേദഗതി ചെയ്താൽ ദളിത് ക്രൈസ്തവർക്ക് പട്ടികജാതി സംവരണം ലഭിക്കും.

## യേസ് മൈ ലോർഡ്

കോടതി എന്തു പറഞ്ഞാലും യെസ് മൈ ലോർഡ് എന്നു പറഞ്ഞു നടുവു കുനിക്കുന്നവരല്ല സുപ്രീം കോട തിയിൽ ദളിത് സംവരണക്കേസ് വാദിക്കുന്നത്. എന്തായാലും 2004 മുതൽ ദളിത് ക്രൈസ്തവർക്കുള്ള പട്ടിക ജാതി സംവരണത്തിന്റെ കേസ് സുപ്രീം കോടതിയിൽ കെട്ടിക്കിടക്കുന്നു. പല ബെഞ്ചുകളും മാറി മാറി ഒടു വിൽ വലിയ ബഞ്ചിൽ വാദം കേൾക്കാൻ എത്തിയിരിക്കുന്നു.

കേസ് വേഗത്തിൽ തീർപ്പാക്കണമെന്ന് അപേക്ഷിച്ചപ്പോൾ ജഡ്ജി പറഞ്ഞ മറുപടി, 1950 ൽ വന്ന നിയമത്തി നെതിരെ നിങ്ങൾ 54 വർഷം കഴിഞ്ഞല്ലേ കേസ് നൽകിയത്, പിന്നെ ഇപ്പോൾ എന്തിന് ധൃതിയെന്നാണ്. മറ്റൊരവസരത്തിൽ, വർഷങ്ങളായി കേസ് തീർപ്പാകാതെ കിടക്കുന്നവെന്നു പറഞ്ഞപ്പോൾ കിട്ടിയ മറുപടി , ഇത് ഒരു സെൻസിറ്റീവ് വിഷയമാണെന്നാണ്. രാജ്യത്തെ കെട്ടിക്കിടക്കുന്ന കേസുകളെ പറ്റി പഠനം തന്നെ നടത്തി കീഴ്കോടതികളിൽ പുത്തൻ സംവിധാനങ്ങൾ വരുത്തുന്നതിന് എപ്പോഴും മുൻകൈയെടുക്കുന്ന ഒരു ജുഡീഷ്യൽ സംവിധാനമാണ് ഇന്ത്യയിലുള്ളത്. അവിടെ തന്നെയാണ് രണ്ടു തലമുറകളുടെ ഭരണഘ ടനാപരമായ അവകാശത്തിന് ഇന്നും തീർപ്പില്ലാതെ കെട്ടിക്കിടക്കുന്നത്. എന്തുകൊണ്ട് കേസ് നൽകാൻ 54 വർഷം കാത്തിരുന്നു എന്നു ചോദിച്ച കോടതിയോട് പറയാൻ ഒന്നേ ഉള്ളൂ മറുപടി. 54 വർഷം വേണ്ടിവന്നു ഈ കൊടും അപരാധത്തെ ചോദ്യം ചെയ്യുന്നതിന് ഉന്നതനീതിന്യായ പീഠത്തിൽ എത്തിക്കാൻ, എന്നതുത ന്നെയാണ് അവരുടെ പിന്നാക്കാവസ്ഥയ്ക്ക് ഏറ്റവും വലിയ തെളിവ്.

2004 ൽ നൽകിയ കേസിൽ, വിഷയം പഠിച്ചകൊണ്ടിരിക്കുകയാണെന്നും, വിവിധ കമ്മീഷൻ റിപ്പോർട്ടുകൾ വിശകലനം ചെയ്യാനുണ്ടെന്നും കേന്ദ്ര സർക്കാർ സുപ്രീം കോടതിയെ അറിയിച്ചിരുന്നു. 2013 ആയിട്ടും ഇതു സംബന്ധിച്ച് ഒരു സത്യവാങ്മൂലം കോടതിയിൽ ഫയലാക്കാൻ ആകാത്തത് ഇനിയും പഠനം കഴിയാത്ത തുകൊണ്ടല്ല, വോട്ട് ബാങ്ക് പൊളിറ്റിക്സ് കൊണ്ടു മാത്രമാണെന്ന് ആർക്കാണറിയാത്തത്.

## മതം സംവരണത്തിന്റെ അടിസ്ഥാനമാകുമോ

ഇന്ത്യയുടെ ഭരണഘടന പ്രകാരം മതപരമായ ഒരു സംവരണമില്ല. സാമൂഹിക, വിദ്യാഭ്യാസ പിന്നോക്കാ വസ്ഥ കണക്കിലെടുത്താണ് സംവരണം. അങ്ങനെയെങ്കിൽ മതം ഒരു ഘടകമാക്കി ദളിത് ക്രൈസ്തവർക്ക് പട്ടിക ജാതി സംവരണം നിഷേധിക്കുന്നത് ഭരണഘടനാ വിരുദ്ധമല്ലേ. ഭരണഘടനാ വിരുദ്ധമായ ഒരു ഉത്ത രവ് അത് പ്രസിഡന്റ് ഇറക്കിയാലും നീതി പിഠം അതിൽ ഇടപെടാതിരിക്കുന്നതങ്ങെനെ. ഇക്കാര്യങ്ങൾ ഉന്നത നീതിപീഠത്തിൽ വ്യാഖ്യാനത്തിനെത്തുമ്പോൾ വരുന്ന തീരുമാനമനുസരിച്ചിരിക്കും അന്തിമ വിധി. അതിന് ഊഴം കാത്ത് കിടക്കുന്ന കേസുകെട്ടുകളിൽ, സർക്കാരിന്റെ ഭാഗത്തു നിന്നും അനുകൂല സത്യവാ ങ്മൂലം കൂടിയുണ്ടായാൽ പതിറ്റാണ്ടുകൾ നീണ്ട ഈ നീതി നിഷേധത്തിന് ഒരു ഹീലിംഗ് ടച്ച് കിട്ടുക തന്നെ ചെയ്യും. പക്ഷെ തമിഴ്നാട്ടിൽ നിന്ന് ജയളലിത ആവശ്യപ്പെട്ടതുപോലെ മറ്റ് സ്ഥലങ്ങളിൽ നിന്നും ഇടപെടലുകൾ ഉണ്ടാകണം. കേവലം ഒ ബി സി സംവരണത്തിൽ ഒതുക്കി തീർക്കാവുന്നതല്ല ദളിത് ക്രൈസ്ത വർക്ക് നൽകേണ്ട സംവരണം. ഒരു വിഭാഗത്തിന്റെ ജന്മാവകാശത്തെ എത്ര കാലം തടഞ്ഞു വയ്ക്കാനാകു മെന്നതാണ് പ്രശ്നം. പതിറ്റാണ്ടുകൾ കഴിഞ്ഞാലും നീതിയുടെ പടവാൾ എല്ലാ ദുർവ്യാഖ്യാനങ്ങൾക്കും ജാതീയ സുഖപ്പിക്കലുകൾക്കും അതീതമായി പോരാടിത്തെളിയും.

**ഭരണഘടനാപരമായ വഞ്ചന**

മതവിശ്വാസത്തിന്റെ പേരിൽ സംവരണം ഇല്ല എന്ന് ഭരണഘടന അടിവരയിട്ടു പറയുമ്പോഴും ഹിന്ദുമതവിശ്വാസികളായ ദളിതർക്കു മാത്രം പട്ടിക ജാതി സംവരണം എന്ന് ഉത്തരവിറങ്ങിയത് ഭരണഘടനാപരമായ വഞ്ചനയാണ്. അത് ആര് ഇറക്കിയ ഉത്തരവാണെങ്കിലും ഭരണഘടനയോടും അത് ഉയർത്തുന്ന മൂല്യങ്ങളോടുമുള്ള വെല്ലുവിളിയാണ്. പക്ഷെ ഇത്രയും കാലം, കഴിഞ്ഞ ആറ് പതിറ്റാണ്ടിലധികമായി ഈ വഞ്ചന തുടരുമ്പോൾ എന്തുകൊണ്ട് ഒരു ഇടപെടൽ ഉണ്ടാകുന്നില്ല എന്നതാണ് ചോദ്യം. ദളിതരുടെ സാമൂഹിക പിന്നോക്കാവസ്ഥ പഠിക്കാൻ നിയമിക്കപ്പെട്ട കമ്മീഷനുകൾ എല്ലാം തന്നെ അവരുടെ ദുരവസ്ഥ വിവരിക്കുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ ഇതു പൊതുവെ എല്ലാവർക്കും ഒരു ഐച്ഛിക വിഷയമാണ്. മുഖ്യ വിഷയങ്ങൾ പലതിന്റെയും കൂട്ടത്തിൽ ഇടയ്ക്കെക്കെ ഉന്നയിക്കപ്പെടുന്ന ഒന്ന്. ഈ സ്ഥിതിയിൽ നിന്ന് മാറ്റമുണ്ടാകണം. എല്ലാ ജസ്റ്റീസ് സൺഡേകളിലും മുടങ്ങാതെ മുഴങ്ങുന്ന തേങ്ങലായി ദളിത് ക്രൈസ്തവരുടെ പട്ടിക ജാതി സംവരണം ഇനിയും ഉയരാതിരിക്കണമെങ്കിൽ, ഐച്ഛികമായ താൽപ്പര്യങ്ങൾക്കപ്പുറത്ത് മുഖ്യ അജണ്ടയായി ഇക്കാര്യം മാറണം. അല്ലെങ്കിൽ ഭരണഘടനാപരമായ ഈ വഞ്ചന അവസാനമില്ലാതെ തുടരും.